ഇ. എസ്. ഐ. കളിലൂടെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

55. [1837] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് എത്ര തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1948-ലെ ഇ. എസ്. ഐ. ആക്ട് അനുസരിച്ച് താഴെ പറയുന്ന ഏഴു വിധത്തിലുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(1) മെഡിക്കൽ ആനുകൂല്യം
(2) സിക്ക്നസ് ആനുകൂല്യം (സാമ്പത്തികം)
(3) മെറ്റേണിറ്റി ആനുകൂല്യം (സാമ്പത്തികം)
(4) ഡിസേബിൾമെന്റ് ആനുകൂല്യം (സാമ്പത്തികം)
(5) ഡിപ്പെൻഡൻറ് ആനുകൂല്യം (സാമ്പത്തികം)
(6) ഫ്യൂണറൽ ആനുകൂല്യം (സാമ്പത്തികം)
(7) റൊക്കേഷണൽ റീഹാബിലിറ്റേഷൻ അലവൻസ് (സാമ്പത്തികം)

(ബി) 10 തൊഴിലാളികളും വൈദ്യുതി ഉപയോഗമുള്ളതുമായ ഫാക്ടറികൾ, ഇരുപതിൽ കൂടുതൽ തൊഴിലാളികളും വൈദ്യുതി ഉപയോഗിക്കാത്തതുമായ ഫാക്ടറികൾ, ഇരുപതിൽകൂടുതൽ ജീവനക്കാരുള്ള ഹോട്ടലുകൾ റസ്റ്റാറന്റുകൾ, സിനിമാ തീയേറ്ററുകൾ, ന്യൂസ് പേപ്പർ സ്ഥാപനങ്ങൾ തുടങ്ങിയവയെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽ തന്നെ പ്രതിമാസം 3,000 രൂപയിൽ കൂടുതൽ വരുമാനമുള്ളവരെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) 31-3-1995-ലെ കണക്കനുസരിച്ച് 4,26,300 തൊഴിലാളികൾക്ക് ഇ.എസ്.ഐ. പദ്ധതിയുടെ ആനുകൂല്യം ബാധകമാക്കിയിട്ടുണ്ട്.

വയസ് തിരുത്തി സർവ്വീസിൽ തുടരുന്ന ഉദ്യോഗസ്ഥൻ

56. [1838] ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെൻറ് വകുപ്പിൽ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ വയസ് തിരുത്തിയെന്ന കാരണത്താൽ പോലീസ് വിജിലൻസ് കേസ് നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly